"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായവകുപ്പ് - 2021-22 ബഡ്ജറ്റിൽ കാഞ്ഞിരോട് കൈത്തറി വസ്ത്രഗ്രാമം പദ്ധതിക്കായി 5054-80-800-66 ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും 2,32,22,496/- രൂപ K-Disc-ന്റെ കീഴിൽ One District One Idea (ODOI) പദ്ധതി പ്രകാരം കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലസ്റ്ററിന്റെ നൂതനാശയ പദ്ധതിയ്ക്കായി വ്യവസായ വകുപ്പുമായി ചേർന്ന് വിനിയോഗിക്കു ന്നതിന് തത്വത്തിൽ അംഗീകാരവും മൂലധനനിക്ഷേപമായി 75 ലക്ഷം രൂപയ്ക്ക് റിലീസ് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.249/2026/ID തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. K-DISC എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണിന്റെ 23/01/2025 തീയതിയിലെ 2852/2024/KDISC/L-75 നമ്പർ കത്ത്.
2. കൈത്തറി ഡയറക്ടറുടെ 21/03/2025, 06/05/2025, 10/10/2025 തീയതികളിലെ HL/1916/2021-C4 SELF EMPLOYMENT നമ്പർ കത്ത്.
3. K-DISC മെമ്പർ സെക്രട്ടറിയുടെ 20/01/2026 തീയതിയിലെ 2852/2024/KDISC/L-51 നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം.1790/2026/ധന തീയതി 23/02/2026.

5 സ.ഉ.(സാധാ)നം.1796/2026/ധന തീയതി 23/02/2026.

6 E-Anumathi AS No.AS/IND/25/49546 valid upto 31/03/2026.

**<u>ഉത്തരവ്</u>**

കണ്ണൂർ നിയോജക മണ്ഡലത്തിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരോട് വീവേഴ്സ് സൊസൈറ്റി കേന്ദ്രീകരിച്ച് കാഞ്ഞിരോട് കൈത്തറി വസ്ത്രഗ്രാമം പദ്ധതിയ്ക്കു വേണ്ടി 2021-22 സാമ്പത്തിക വർഷ ബഡ്ജറ്റിൽ (ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II, ക്രമനമ്പർ 2397) 3 കോടി രൂപ "5054-80-800-66" ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

(2) സംസ്ഥാന സർക്കാർ 2021-22 ബഡ്ജറ്റിൽ കാഞ്ഞിരോട് കൈത്തറി വസ്ത്രഗ്രാമം പദ്ധതിക്കായി "5054-80-800-66" ശീർഷകത്തിൽ അനുവദിച്ച തുക K-Disc One District One

Idea (ODOI) പദ്ധതി പ്രകാരം കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലസ്റ്ററിന്റെ നൂതനാശയ പദ്ധതി പ്രകാരം വ്യവസായ വകുപ്പുമായി ചേർന്ന് വിനിയോഗിക്കുവാനുള്ള അനുമതിയ്ക്കായി കേരള ഡവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ സൂചന (1) പ്രകാരം ശിപാർശ ചെയ്യുകയും പദ്ധതി സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ സമർപ്പിക്കുകയുമുണ്ടായി.

i. സംസ്ഥാനത്ത് കേരള ഡവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (K-DISC) കീഴിൽ ഒരു ജില്ല ഒരു ആശയം (ODOI) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാൻ സാധ്യതയുള്ള 6 MSME ക്ലസ്റ്ററുകളിൽ ഒന്നായി കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ നൂതന ആശയ പദ്ധതിയെ കണ്ടെത്തിയിരുന്നു.
ii. പ്രസ്തുത നൂതനാശയപദ്ധതിയുടെ സ്ഥിരീകരിച്ച വിശദമായ രൂപരേഖ തയ്യാറാക്കുകയും ഡിജിറ്റൽ യൂണിവേഴ്സിറ്റി സമഗ്രമായി പരിശോധിച്ചിട്ടുമുണ്ട്.
iii. പദ്ധതി നടത്തിപ്പിനായി 218 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂഷണൽ ചിലവിനത്തിൽ 15 ലക്ഷം രൂപയും ആകെ 233 ലക്ഷം രൂപയാണ് പദ്ധതി ചിലവായി കണക്കാക്കുന്നത്.
iv. കാഞ്ഞിരോട് കൈത്തറി വസ്ത്രഗ്രാമം പദ്ധതിയും K-Disc ODOI പദ്ധതി പ്രകാരം കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലസ്റ്ററിന്റെ നൂതനാശയ പദ്ധതിയും സമാന സവിശേഷതയുള്ളതും കൈത്തറി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്നതുമാണ്.

(3) കാഞ്ഞിരോട് കൈത്തറി നെയ്ത്ത് സഹകരണ സംഘം 1969 സഹകരണ നിയമ പ്രകാരം കൈത്തറി വസ്ത്ര ഡയറക്ടേറ്റിന് കീഴിൽ എൽ.എൽ-44 നമ്പരായി രജിസ്റ്റർ ചെയ്ത കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘമാണെന്നും മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ കാഞ്ഞിരോട് കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിനുള്ള ഒന്നര ഏക്കർ സ്ഥലത്ത് 8000 സ്ക്വയർ ഫീറ്റ് ഷെഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണെന്നും പദ്ധതിയിൽ തുക അനുവദിക്കുന്ന പക്ഷം സംഘത്തിന്റെ ആസ്തി രജിസ്റ്ററിൽ സംഘത്തിന്റ ഉടമസ്ഥതയിലുള്ളതും സർക്കാർ വിഹിതം വഴി വാങ്ങുന്ന മെഷീനറി/എക്യൂപ്മെന്റ് വിവരങ്ങൾ പ്രത്യേകം ചേർക്കുന്നത് ഉറപ്പാക്കുന്നതാണെന്നും K-DISC മുഖേന പദ്ധതി തുക ഗ്രാന്റായി ചിലവഴിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം കൈത്തറി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(4) പദ്ധതിയുടെ Objectives, Implementation strategy, Project monitoring and Governance, Financing Pattern, Time period for completion, Fund requirement എന്നിവ ഉൾപ്പെടുത്തിയ കുറിപ്പ് സൂചന (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് monitor ചെയ്യുന്നതിനായി Project Monitoring Committee (PMC) രൂപീകരിക്കുമെന്നും Entrepreneurship Development Institute of India (EDII - Mentor Institution), K-DISC എന്നിവയിലെ പ്രതിനിധികൾ, Secretary/Nominated member of Kanjirode Weavers Co-operative Society, കൈത്തറി ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിലെ പ്രതിനിധികൾ എന്നിവർ പ്രസ്തുത കമ്മിറ്റി അംഗങ്ങൾ ആയിരിക്കുമെന്നും കൂടാതെ പദ്ധതി ചിലവ് ചുവടെ

ചേർക്കും പ്രകാരമായിരിക്കുമെന്നും സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | Building & Interior Works | Rs. 1,25,50,000 |
| 2 | Machinery & Equipment | Rs. 56,69,900 |
| 3 | Miscellaneous Fixed Assets | Rs. 6,34,840 |
| 4 | Preliminary & Pre-operative Expenses | Rs. 11,50,000 |
| 5 | Working Capital | Rs. 17,17,756 |
| 6 | K-DISC expenses | Rs.15,00,000 |
| | **Total** | **Rs.2,32,22,496** |

(5) സർക്കാർ ഈ വിഷയം പരിശോധിച്ചു. 2021-22 ബഡ്ജറ്റിൽ കാഞ്ഞിരോട് കൈത്തറി വസ്ത്രഗ്രാമം പദ്ധതിക്കായി 5054-80-800-66 ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും 2,32,22,496/- രൂപ (രണ്ടു കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ്റി തൊണ്ണൂറ്റിയാറു രൂപ മാത്രം) K-Disc-ന്റെ കീഴിൽ One District One Idea (ODOI) പദ്ധതി പ്രകാരം കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലസ്റ്ററിന്റെ നൂതനാശയ പദ്ധതിയ്ക്കായി വ്യവസായ വകുപ്പുമായി ചേർന്ന് വിനിയോഗിക്കുന്നതിന് തത്വത്തിൽ അംഗീകാരവും പദ്ധതിയ്ക്കായി സൂചന (5) പ്രകാരം 4851-00-195-59 (One District One Idea (ODOI)-Kanhirode Weavers Co-operative Society Ltd, Kannur) ശീർഷകത്തിൽ അധികധനാനുമതി നൽകിയ 75,00,000/-രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പദ്ധതിയ്ക്ക് മൂലധന നിക്ഷേപമായി റിലീസ് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(6) കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലസ്റ്ററിന്റെ നൂതനാശയ പദ്ധതിയ്ക്കായുള്ള കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊ സൈറ്റിയുടെ കെട്ടിടത്തിന്റെ വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റിൽ എല്ലാ ഘടകങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്നീ വിഷയങ്ങൾ Technical Sanction അനുവദിക്കുന്നതിനു മുമ്പായി Technical Sanction Authority പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, K-DISC, തിരുവനന്തപുരം.
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ (Development and Innovation) വകുപ്പ്.
ധനകാര്യവകുപ്പ് (E 3047960/I&PW-A3/10/2025-Fin dated 25/02/2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anilkumar P
Date: 07-03-2026 15:04:07

പകർപ്പ്- ബഹു.നിയമവും വ്യവസായവും കയറും വകുപ്പമന്ത്രിയുടെ പി.എസിന്.

ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രിയുടെ പി.എസിന്.